(സി) വള്ളങ്ങളുടെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഗവ: ഉണ്ടെ ചെയ്യുകൊടുക്കേണ്ട ചില കാര്യങ്ങളെപ്പറ്റി അപേക്ഷകൾ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ച് എന്തെങ്കിലും ചെയ്യിട്ടുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉവ്വ്, ൻറെ വ വള്ളങ്ങൾക്ക്. ൻർ,ഠ ന്യൂക. ഫ ഠണ.

(ബി) ഉവ്വുന്നു ബാർജ്ജുകൾക്കും. ഫ ഫ,ങ്ങന്യൂ ക. ന്യൂണ.

(സി) തോട്ടുകളിലെ ആഴം കുറഞ്ഞ ഭാഗങ്ങൾ താഴ്ത്തേണ്ടതു സംബന്ധിച്ചു ചില അപേക്ഷകൾ കിട്ടിയിട്ടുണ്ട്. താഴ്ത്തുന്നതിനു വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

ഫിഷ് കൂവറിംഗ് യാർഡ്

*൪൦൦. (ന്യൂൻ) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൈതീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി നൽകുമോ.—

അഴീക്കോട് വില്ലേജിൽ ഒരു ഫിഷ് കൂവറിംഗ് യാർഡു സ്ഥാപിക്കുവാൻ നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): ഉണ്ട്.

മത്സ്യം വളർത്തൽ

*൪൦൧. (൭൧) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൈതീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂരിലും പരിസരങ്ങളിലും മത്സ്യം വളർത്തൽ (പോൻഡ് സ്റ്റോക്കിംഗ് ഓപ്പറേഷൻ) സംബന്ധിച്ച് എന്തൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്നു പറയാമോ;

(ബി) ആ ഇനത്തിൽ എന്തു ചിലവു വന്നിട്ടുണ്ടെന്നു പറയാമോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഗവണ്മെണ്ടംഗീകരിച്ചിട്ടുള്ള മത്സ്യം വളർത്തൽ പദ്ധതിയനുസരിച്ചു കൊടുങ്ങല്ലൂർ, കൊച്ചിൻ—കണയന്നൂർ എന്നീ താലൂക്കുകളിലെ വ്യത്യസ്ത കുളങ്ങളിൽ ഇപ്പോൾ മത്സ്യശേഖരം നടത്തുന്നതിനു് ഏർപ്പാടു ചെയ്തിട്ടുണ്ട്. ഇതിന്റെ മുമതല വഹിക്കുന്നതിനു് ഒരു ഇൻസ്പെക്ടരെയും സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. അയാളുടെ മുമതലയിൽ ഇപ്പോൾ മേൽ പറയപ്പെട്ട വ്യത്യസ്ത കുളങ്ങളിലായി വിവിധ ഇനങ്ങളിലുള്ള ൪,൯൯൫ ചെറുതരം മത്സ്യങ്ങളെ (fingerlings) ശേഖരിച്ചിട്ടുണ്ട്. ഈ കുളങ്ങളെല്ലാംതന്നെ വ്യക്തികളുടെ വകയാണ്. മത്സ്യശേഖരണത്തിനുള്ള സകല ചിലവുകളും ഗവണ്മെണ്ടാണ് വഹിക്കുന്നതു്.

(ബി) ഈ ഇനത്തിൽ വന്നിട്ടുള്ള ചിലവു ൯൦൦ രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly